പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3939

24.08.2017-ൽ മറുപടിയ്ക്ക്

## വനമേഖലയിൽ സസ്യജാലങ്ങൾക്ക് കാലാവസ്ഥാ വ്യതിയാനം മൂലമുള്ള നാശം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എം.ഷാജി<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വനമേഖലയിൽ മുള, ഈറ തുടങ്ങിയ സസ്യജാലങ്ങൾക്ക് കാലാവസ്ഥാ വ്യതിയാനം മൂലം നാശം സംഭവിക്കുന്നതുകൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തിന്റെ വനമേഖലയിൽ മുള, ഈറ തുടങ്ങിയ സസ്യജാലങ്ങൾക്ക് കാലാവസ്ഥ വ്യതിയാനം മൂലം നാശം സംഭവിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പുതിയ ഈറ്റ, മുളങ്കാടുകൾ എന്നിവ വച്ചു പിടിപ്പിക്കുകയും ഉള്ളവ പരിപാലിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതി വനം വകുപ്പ് നടപ്പാക്കിയിരുന്നോ; ആ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; | (ബി) ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കിയ കേരള വനവല്കരണ പരിപാടിയിലും മറ്റ് പരിപാടികളിലുമായി, നശിച്ചു പോയ വനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വച്ചു പിടിപ്പിച്ച ഈറ, മുള തുടങ്ങിയ തോട്ടങ്ങൾ വനം വകുപ്പ് പരിപാലിച്ചു വരുന്നു. സ്വാഭാവിക ഈറ്റ കാടുകളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്ന പരിപാടിയും നടപ്പിലാക്കുന്നുണ്ട്. വനസംരക്ഷണ സമിതിയുടെയും ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളുടെയും സഹകരണത്തോട് കൂടി ഈറ്റത്തോട്ടങ്ങൾ പുതുതായി വച്ചു പിടിപ്പിക്കുന്നുണ്ട്. |
| (സി) ഇവയുടെ അഭാവം മൂലം വന്യജീവികൾ ആഹാരം തേടി ജനവാസ മേഖലയിലിറങ്ങാൻ ഇടയാകുന്ന വസ്തുത കണക്കിലെടുത്ത് മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) സ്വാഭാവിക ഈറ്റക്കാടുകളുടെ സംരക്ഷണം, ഈറ്റ വച്ചുപിടിപ്പിക്കൽ, മുൻകാലങ്ങളിൽ വെച്ചു പിടിപ്പിച്ച തോട്ടങ്ങളുടെ പരിചരണം, ജലലഭ്യതയ്ക്കായി ചെക്ക ഡാമുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ വന്യജീവി പ്രതിരോധനത്തിനായി സോളാർ പവർ ഫെൻസിംഗ്, ആന കിടങ്ങ്, ജൈവഫെൻസിംഗ് തുടങ്ങിയവ ചെയ്യുന്നുണ്ട്. |

V Beena

സെക്ഷൻ ഓഫീസർ